Subject : Malayalam

Topic : കഥ

Name of the Faculty : Dr.Vineetha George

Department : Malayalam

Year : 2020 -2021

# കഥയുടെ (Fiction) ആരംഭം

- മനുഷ്യര്ക്ക് അവരുടെ അനുഭവങ്ങളും സങ്കല്പങ്ങളും മറ്റുള്ളവരിലേക്കു  പകരാനുള്ള ത്വരയില് നിന്നാണ് കഥ പറച്ചിലിന്റെ ആരംഭം

## എന്തിനാണ് കഥകള്

- മനുഷ്യരുടെ വിനോദവാസനയെ തൃപ്തിപ്പെടുത്താന്
- ധാര്മ്മികവും സാംസ്ക്കാരികവുമായ അവബോധത്തെ വികസിപ്പിക്കാന്
- ഭാവനാലോകത്ത് വിഹരിക്കുക, ദിവാസ്വപ്നം കാണുക തുടങ്ങി മനുഷ്യസഹജമായ വാസനകള്ക്കുള്ള ഉപാധികൂടിയാണ് കഥകള്

# കഥകൾ നൽകുന്നതെന്ത്

- ജീവിതത്തെക്കുറിച്ച് ധാരണ നല്കാന് കഴിയുന്നു
- ജീവിതാവബോധത്തെ വികസിപ്പിക്കുന്നു
- ആദിമപ്രേരണകളെ ഉണര്ത്തിയെടുക്കുന്നു
- പലതരം അറിവുകള്, മൂല്യങ്ങള്, ഉള്ക്കാഴ്ചകള്,ലോകബോധം എന്നിവയൊക്കെ കഥകളിലൂടെ ലഭിക്കുന്നു.

# കഥയുടെ വൈവിധ്യങ്ങൾ

കഥയുടെ ഘടനയെയും സ്വഭാവത്തെയും മുന്നിര്ത്തി കഥകളെ പല ഇനങ്ങളായി വേര്തിരിക്കാറുണ്ട്.

1. മൃഗകഥ (Fable)
2. യക്ഷിക്കഥ (Fairy Tale)
3. അന്യാപദേശകഥ (Allegory)
4. ദൃഷ്ടാന്തകഥ (Parable)
5. ഐതിഹ്യം (Legend)
6. പുരാവൃത്തം (Myth)

# കഥയും ചെറുകഥയും

## കഥ - കാലക്രമം അനുസരിച്ചുള്ള സംഭവവിവരണം

സംഭാഷണങ്ങളില്
സാംസ്ക്കാരികവ്യവഹാരങ്ങളില്
സര്ഗ്ഗാത്മകസാഹിത്യരൂപങ്ങളില്
മിക്കതിന്റെയും അടിസ്ഥാനഘടകം കഥയായിരിക്കും

കഥയില് ഒഴിവാക്കാനാകാത്ത ഘടകങ്ങളാണ് കഥാപാത്രങ്ങളും സംഭവങ്ങളും

# വിശാലമായ കഥാപ്രപഞ്ചം

- നുറുങ്ങുകഥകള് മുതല്  ഇതിഹാസങ്ങള് വരെ കഥാപ്രപഞ്ചത്തിലുള്പ്പെടുന്നു.

- വാമൊഴിയിലൂടെ പ്രചരിച്ചിരുന്നവയും വരമൊഴിയില് രേഖപ്പെടുത്തപ്പെട്ടവയുമായി ഘടനയിലും വ്യാപ്തിയിലും ദൈര്ഘ്യത്തിലും പല നിലവാരം പുലര്ത്തുന്ന കഥാരൂപങ്ങളുണ്ട്.

ഇങ്ങനെ പലതരം കഥകളുടെ പാരമ്പര്യത്തില് വേരുകളുണ്ട് എന്ന് വാദിച്ചാലും ചെറുകഥ എന്നത് പുതിയ സാഹിത്യരൂപമാണ്.

# കഥ - ആധുനികാർത്ഥത്തിൽ

ഗദ്യകഥാവിഭാഗങ്ങൾ -കൽപ്പിതകഥ (Fiction)

നോവലും ചെറുകഥയുമെല്ലാം അടങ്ങുന്ന ലോകസാഹിത്യത്തിലെത്തന്നെ പ്രമുഖകഥാധാര

# ആധുനിക ചെറുകഥ: മലയാളത്തില്

- ചെറുകഥ 19-ാം നൂറ്റാണ്ടിന്റെ സൃഷ്ടിയാണ്.
- മലയാളത്തിലെ ചെറുകഥ പാശ്ചാത്യസാഹിത്യത്തിന്റെ പ്രേരണകൊണ്ടുണ്ടായതാണ്.
- മലയാളത്തിലെ ആനുകാലികപ്രസിദ്ധീകരണങ്ങള്

# ചെറുകഥ പ്രസ്ഥാനം

## മലയാളത്തിന്റെ സ്വന്തമായ കഥാപാരമ്പര്യം

1. മുത്തശ്ശിക്കഥകള്
2. ഐതിഹ്യകഥകള്
3. പുരാണേതിഹാസകഥകള്
4. ജാതകകഥകള്
5. കഥാസരിത് സാഗരകഥകള്
6. വടക്കന് പാട്ടുകള്
7. തെക്കന്പ്പാട്ടുകള്

മലയാളകഥാപാരമ്പര്യത്തിന്റെ വേരുകള് ഇത്തരം വാമൊഴികഥാരൂപങ്ങളില് കണ്ടെത്താം.